29 : Seminar on late Fr. Dunston CMI at CMI Provincial house, CBE




**മാർച്ച് 2024**

02 : രാമനാഥപുരത്തുള്ള അൽവേർണിയ കോൺവെന്റിൽ വച്ച് നടന്ന എഫ്സിസി സന്യാസിനി സമൂഹത്തിന്റെ റീജിയണൽ മീറ്റിങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

06 : ഈറോഡ് ക്രിസ്തുജ്യോതി കോൺവെന്റിൽ വച്ച് നടന്ന എഫ്സിസി സന്യാസിനി സമൂഹത്തിന്റെ റീജിയണൽ മീറ്റിങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

07 : ജഡയംപാളയം സ്കൂൾ കമ്മിറ്റി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു

09 : രൂപതാ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

10 : പാസ്റ്ററൽ സെന്ററിൽ വച്ച് റിസോഴ്സ് ടീമിന് ക്ലാസ്സ്എടുത്തു.

17 : കുനിയമുത്തൂർ സെന്റ് മാർക്ക് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ചു സന്ദേശം നൽകി.

19 : സെന്റ് മേരിസ് മൈനർ സെമിനാരിയിൽ വച്ച് ഡീക്കൻ പട്ടവും മറ്റു ചെറുപട്ടങ്ങളും നൽകി. തുടർന്ന് അവരുടെ മാതാപിതാക്കളുമായുള്ള മീറ്റിംഗിൽ പങ്കെടുത്തു.

: മദർ തെരേസ പീസ് ഹോമിന്റെ കോർ കമ്മറ്റി മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു

21 : രൂപതാ പാസ്റ്റർ സെന്ററിൽ വച്ച് പ്രീക്കാന കോഴ്സിന് ക്ലാസ്സെടുത്തു

22 : രാമനാഥപുരം കത്തീഡ്രൽ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി.

23 : മേട്ടുപാളയം, സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് നടന്ന സ്നേഹോത്സവത്തിൽ പങ്കെടുക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

25 : രാമനാഥപുരം ഹോളി ട്രിനിറ്റി കത്തിഡ്രലിൽ വച്ചു നടന്ന

വൈദികരുടെ വിശുദ്ധീകരണ ദിനാചരണത്തിൽ പങ്കെടുക്കുകയും തുടർന്നുള്ള വിശുദ്ധ മുറോൺ വെഞ്ചിരിപ്പ് തിരുക്കർമ്മങ്ങൾക്കും നേതൃത്വം നൽകുകയും ചെയ്തു.

---

# "സുവിശേഷവല്ക്കരണം - 2035" വിശ്വാസവർഷം (2024)

## പഠനരേഖ

## (ഏപ്രിൽ മാസത്തിൽ പഠനത്തിനും ചർച്ചയ്ക്കുമുള്ള വിഷയം:)

'അവിടുന്ന് പന്തിയോസ് പീലാത്തോസിന്റെ കാലത്ത് - പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ടു.'

പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ സ്നാനപ്പെട്ടവരും ദൈവപിതാവിലും ദൈവപുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവരും ഈശോമിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ മനുഷ്യരക്ഷ കൈവന്നു എന്ന് വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നവരുമാണ് ക്രിസ്ത്യാനികൾ. അടിസ്ഥാനപരമായ ഈ വിശ്വാസസത്യം പിതാക്കന്മാർ പകർന്നുതന്ന വിശ്വാസ പ്രമാണത്തിലുണ്ട്. നമ്മുടെ രൂപതയിൽ വിശ്വാസവർഷമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന ഈ വർഷം വിശ്വാസപ്രമാണത്തിലെ വിശ്വാസസത്യങ്ങളാണ് നാം പ്രാർത്ഥനാപൂർവ്വം പഠനവിഷയമാക്കുന്നത്. ദൈവപുത്രന്റെ മനുഷ്യാവതാരത്തെയും അവിടുന്ന് നൽകിയ വെളിപാടിനെയും അടിസ്ഥാനമാക്കി അപ്പസ്തോലന്മാരും പിതാക്കന്മാരും പകർന്നു നൽകിയ വിശ്വാസപ്രമാണത്തിലൂടെ നാം വിശ്വസിച്ച് ഏറ്റു പറയണം എന്ന് സഭ പഠിപ്പിക്കുന്ന കാര്യങ്ങളാണിവ.

എല്ലാ സുവിശേഷങ്ങളും ലേഖനങ്ങളും വ്യക്തമായി പ്രഖ്യാപിക്കുന്ന സന്ദേശമാണ് ഈശോമിശിഹായുടെ പീഡാസഹന-മരണ-ഉത്ഥാനം. അതാണ് മനുഷ്യരക്ഷയ്ക്ക് അടിസ്ഥാനം. അതിനാൽത്തന്നെ രക്ഷാകര രഹസ്യങ്ങൾ എന്ന് നാം അവയെ വിശേഷിപ്പിക്കുന്നു. ദൈവികരക്ഷ നമുക്ക് കരഗതമാകുന്നത്, അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഇന്നും യാഥാർത്ഥ്യമാകുന്ന രക്ഷാകര രഹസ്യങ്ങളുടെ അനുസ്മരണവും ആഘോഷവുമായ പരിശുദ്ധ കുർബാനയിലൂടെയാണ്.

**a). ഈശോമിശിഹായുടെ പെസഹാ രഹസ്യത്തിന്റെ പ്രാധാന്യം**

ഈശോമിശിഹായുടെ പീഡാനുഭവ-മരണ-ഉത്ഥാന-മഹത്വീകരണം ഉൾക്കൊള്ളുന്ന പെസഹാരഹസ്യം ക്രിസ്തീയ വിശ്വാസത്തിന്റെ